**പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**
**(നിലവിൽ : അബ്ദുൾ മജീദ് കക്കോട്ടിൽ)**

വിഷയം : പട്ടികജാതി വികസനം-ജീവനക്കാര്യം - പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :
1. Go (Rt) No. 1243/2019/SCSTDD dated 14.11.2019.
2. പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 06.11.2019 ലെ എസ്റ്റാ.എ1/19530/19 നമ്പർ ഉത്തരവ്.
3. അഴുത ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I-ന്റെ അപേക്ഷ.

---

ഉത്തരവ് നം. എസ്റ്റാ. എ1 - 16407/19 തീയതി : 14.11.2019

---

പട്ടികജാതി വികസന വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I തസ്തികയിൽ സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീ.ബാബു.വി.എസ് - ന് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) ലെ മാനേജർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകികൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം ആലപ്പുഴ പുന്നപ്ര എം.ആർ.എസ് - ലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ബിജു സുന്ദറിനെ ഭരണിക്കാവ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥലം മാറ്റിയ നടപടി ഭരണപരമായ സൗകര്യം കണക്കിലെടുത്ത് ഭേദഗതി വരുത്തേണ്ടതുണ്ട്. ആയതിനാൽ ആലപ്പുഴ പുന്നപ്ര എം.ആർ.എസ് സീനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ടിയാളെ നിലവിൽ ഒഴിവുള്ള ചെങ്ങന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥലം മാറ്റി നിയമിക്കാവുന്നതാണ്. പരാമർശം (3) പ്രകാരം അഴുത ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീ.ബിനോയ്.ആർ ആലപ്പുഴ ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I തസ്തികയിലെ ജീവനക്കാരെ ചുവടെ ചേർക്കും പ്രകാരം സ്ഥലം മാറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീമതി.ബിജു സുന്ദർ<br>സീനിയർ സൂപ്രണ്ട്,<br>ഗവ.എം.ആർ.എസ്, പുന്നപ്ര<br>ആലപ്പുഴ | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I ചെങ്ങന്നൂർ ബ്ലോക്ക്, ആലപ്പുഴ | |
| 2 | ശ്രീ.ബിനോയ്.ആർ<br>പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I<br>അഴുത ബ്ലോക്ക്, ഇടുക്കി. | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I ഭരണിക്കാവ് ബ്ലോക്ക്, ആലപ്പുഴ | അപേക്ഷ പ്രകാരം |

തദനുസരണം ഒഴിവ് വരുന്ന ഇടുക്കി അഴുത ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I തസ്തികയിൽ സെലക്ട് ലിസ്റ്റിൽ അടുത്ത സീനിയറും നിലവിൽ ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ.ജോർജ്ജുകുട്ടി.വി.ജെ - യെ 36600- 79200 ശമ്പള സ്കെയിലിൽ താത്ക്കാലികസ്ഥാനക്കയറ്റം നൽകി നിയമിച്ചു ഇതിനാൽ ഉത്തരവാകുന്നു. ബന്ധപ്പെട്ട ജീവനക്കാർ നിയമാനുസൃതം അതാത് തസ്തികകളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും/വിടുതൽ ചെയ്യേണ്ടതുമാണ്. ഇതിലേയ്ക്കാവശ്യമായ ചുമതലാ ക്രമീകരണം അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ നടത്തേണ്ടതാണ്. പരാമർശം (2) ഉത്തരവ് മേൽ പരാമർശിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള.
2. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർക്ക്- സിഎ മുഖേന
   ജില്ലാ പട്ടികജാതി വികസന ഓഫീസർ, ആലപ്പുഴ, ഇടുക്കി.
4. കരുതൽ ഫയൽ/ അധികം.

**ആജ്ഞാനുസരണം**

സൂപ്രണ്ട്